"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ വകുപ്പ് - പ്ലാൻ ഫണ്ട് 2023-24 - ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് & ന്യൂറോസയൻസസ് - ഭരണാനുമതി നൽകിയ തുക അനുവദിച്ച് - ഉത്തരവാകുന്നു.

**ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്**

സ.ഉ.(സാധാ) നം.784/2024/H&FWD തീയതി,തിരുവനന്തപുരം, 14-03-2024

പരാമർശം:- 1. സ.ഉ.(സാധാ)നം.55/2024/ആ.കു.വ. തീയതി 09.01.2024

2. ഇംഹാൻസ് ഡയറക്ടറുടെ 23.01.2024 തീയതിയിലെ എ1/39/2024/ഇംഹാൻസ് എന്ന നമ്പർ കത്ത്

**<u>ഉത്തരവ്</u>**

മേൽ പരാമർശത്തിലെ പ്രകാരം, 2023-24 സാമ്പത്തികവർഷത്തിലെ പ്ലാൻ ഫണ്ട് ഇനത്തിൽ 2210-05-200-95 ശീർഷകത്തിനു കീഴിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് & ന്യൂറോസയൻസസ് (ഇംഹാൻസ്)-ൽ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിരുന്നു.

| **ക്രമ നം.** | **പ്രവൃത്തി** | **ഭരണാനുമതി തുക** |
|---|---|---|
| 1 | ഇംഹാൻസിൽ Polysomnography / Sleep Recording Laboratory സ്ഥാപിക്കൽ | 60.778 ലക്ഷം രൂപ |
| 2 | ഇംഹാൻസിൽ Modern Speech and Audiology Unit സ്ഥാപിക്കൽ | 42.5 ലക്ഷം രൂപ |
| 3 | വാഹനം വാടകയ്ക്ക് എടുക്കൽ | 3.6 ലക്ഷം രൂപ |
| | **ആകെ** | **106.878 ലക്ഷം രൂപ** |

2. മേൽ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനു വേണ്ടി ടെൻഡർ നടപടികൾ സ്വീകരിച്ച് വർക്ക് ഓഡർ നൽകിയിട്ടുണ്ടെന്ന് ഇംഹാൻസ് ഡയറക്ടർ മേൽ പരാമർശത്തിലെ കത്ത് മുഖേന അറിയിച്ചിരുന്നു. ആയതിനാൽ പ്രസ്തുത പ്രവൃത്തികൾക്കായി 106.878 ലക്ഷം രൂപ 2210-05-200-95-36 (പ്ലാൻ) ശീർഷകത്തിൽ അനുവദിച്ചു നൽകാൻ ഇംഹാൻസ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇംഹാൻസിൽ വാഹനം വാടകയ്ക്ക് എടുക്കുന്നതിനായി മേൽ പരാമർശത്തിലെ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയ **3,60,000/- രൂപ (മൂന്നു ലക്ഷത്തി അറുപതിനായിരം രൂപ മാത്രം), '2210-05-200-95-36 - ഇംഹാൻസ് - സഹായധനം ശമ്പളേതരം (പ്ലാൻ)'** ശീർഷകത്തിൽ നിന്നും ഇംഹാൻസ് ഡയറക്ടർക്ക് റിലീസ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുഭാഷ് ആർ
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് & ന്യൂറോസയൻസസ്, സർക്കാർ മെഡിക്കൽ കോളേജ് ക്യാമ്പസ്, കോഴിക്കോട്

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് എ&ഇ), കേരളം, തിരുവനന്തപുരം

ധനകാര്യ (ഹെൽത്ത്-എ) വകുപ്പ് (നം.2628679/HLT-A3/169/2023-FIN തീയതി 09.03.2024)

വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ / ഓഫിസ് കോപ്പ്

പകർപ്പ് : ആരോഗ്യ വകുപ്പ് മന്ത്രിയുടെ പി.എസ്.

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.

ഉത്തരവിൻ പ്രകാരം

Signed by
P K Santhosh
Date: 15-03-2024 10:58:51
സെക്ഷൻ ഓഫീസർ